**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846</u>** **<u>06-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വാത്സല്യ നിധി പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മാതാപിതാക്കളുടെ പെൺകുട്ടി കൾക്കായി വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി ഓഫ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് എൽ.ഐ.സി നൽകുന്നു. കുട്ടിയുടെ ആദ്യ രക്ഷിതാവിന് അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ, ആദ്യ രക്ഷിതാവിന് പൂർണ്ണമായ അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപ, ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ 1 ലക്ഷം രൂപാ എന്നിവയും ലഭിക്കുമായിരുന്നു. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നടപ്പാക്കിയ ഇൻഷ്വറൻസ് പരിഷ്കാരങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും എൽ.ഐ.സി പിൻമാറിയിരിക്കുകയാണ്. ഇതു സംബന്ധിച്ച് എൽ.ഐ.സി അധികൃതരുമായി ചർച്ച നടത്തുകയും ആവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 01/04/2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| 1. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>2. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. | 39,000 | ആദ്യഗഡു |
| 1. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. | 36,000 | രണ്ടാം ഗഡു |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. | 33,000 | മൂന്നാം ഗഡു |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000/- | നാലാം ഗഡു |

| | | |
|---|---|---|
| ആകെ നിക്ഷേപ തുക | 1,38,000 | |
| | ആകസ്മികമായി കുട്ടി മരണപ്പെടുകയാണെങ്കിൽ 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാകേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി നൽകുന്നു. (കുട്ടിക്ക് 8 വയസ്സ് പൂർത്തിയായിരിക്കണം, 8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്).<br><br>രണ്ടാം രക്ഷിതാവ് മരണപ്പെടുകയാണെങ്കിൽ 30,000/- രൂപ ഇൻഷുറൻസ് ആനുകൂല്യം നൽകി വരുന്നു. | |